**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5132** **14-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 2020 ജനുവരിയിലുള്ളതിനേക്കാൾ പകുതിയിലേറേ കുറഞ്ഞ സാഹചര്യത്തിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന ഇടപെടലുകൾ ലക്ഷ്യം കണ്ടുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 2020 ജനുവരിയിലുള്ളതിനേക്കാൾ പകുതിയിലേറെ കുറഞ്ഞ സാഹചര്യത്തിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ 2021-22 സാമ്പത്തിക വർഷം 28,621 ഒഴിവുകളും 2022-23 സാമ്പത്തികവർഷം (ഡിസംബർ വരെ) 24,855 ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുകയും മേൽ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 11,228 പേർക്കും 11,006 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുകയുമുണ്ടായി . |
| (ബി) | വ്യവസായ വിപ്ലവാനന്തരം ഉണ്ടായ തൊഴിൽ രൂപങ്ങൾക്ക് വലിയ രീതിയിൽ മാറ്റം സംഭവിച്ചിരിക്കുന്ന പുതിയ കാലത്ത് ആധുനികമായ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എത്ര മാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പുതിയ കാലത്ത് ആധുനികമായ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കരിയർ ഡവലപ്പ്മെന്റ് സെന്റർ**<br><br>അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് വേണ്ടി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡവലപ്പ്മെന്റ് സെന്റർ (സി.ഡി.സി). കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമാണ് കരിയർ ഡവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായാണ് കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്.<br><br>**നേട്ടങ്ങൾ** |

രജിസ്ട്രേഷൻ - 47838

ഗ്രൂപ്പ് കൗൺസിലിംഗ് - 513

കരിയർ സെമിനാർ - 849

വ്യക്തിഗത മാർഗ്ഗ നിർദ്ദേശം - 11711

പ്ലെയ്സ്മെന്റ് ഡ്രൈവ് & ജോലി ലഭിച്ചവർ -

411106

**<u>എംപ്ലോയബിലിറ്റി സെന്റർ</u>**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ പരിശീലനം നൽകി വരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ-ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. എംപ്ലോയബിലിറ്റി സെൻററിന്റെ കീഴിൽ നാളിതുവരെ 2,11,816 ഉദ്യോഗാർഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 1,58,508 പേരെ അസ്സസ്സ് ചെയുകയും 1,32,289 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എംപ്ലോയബിലിറ്റി സെൻററിന്റെ ആഭിമുഖ്യത്തിൽ 3063 ജോബ് ഡ്രൈവ് നടത്തുകയും 50,450 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>മോഡൽ കരിയർ സെന്റർ</u>**

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം

മുൻനിർത്തി കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. ടി പദ്ധതി പ്രകാരം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം മോഡൽ കരിയർ സെന്റർ മുഖേനെ നാളിതുവരെ 11,068 തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 1,246 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

**സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം**

2010 വർഷത്തിന്റെ ആരംഭത്തിലാണ് പദ്ധതിയിനത്തിൽ വൊക്കേഷണൽ ഗൈഡൻസ് സ്കീമിന് ഊന്നൽ നല്കിത്തുടങ്ങിയത്. വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങളും കരിയർ ഗൈഡൻസും ഇന്റർവ്യൂകളിലും ഗ്രൂപ്പ് ചർച്ചകളിലും പങ്കെടുക്കുവാനുള്ള പരിശീലനവും നൽകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ടോക് കരിയർ സെമിനാർ / എക്സിബിഷൻ എന്നിവ നടത്തുകയും PSC / IBPS / RRB / SSC / NET തുടങ്ങിയ മത്സരപരീക്ഷകൾക്കു കോച്ചിങ് നൽകുകയും അവരെ ഉയർന്ന ജോലി ലഭ്യമാക്കുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്നു. സ്റ്റേറ്റ് വൊക്കേഷണൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴില-വസരങ്ങളെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹിക സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട-നുബന്ധിച്ചുള്ള VG യൂണിറ്റുകളും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കരിയർ കോൺഫറൻസുകൾ, പ്രദർശനങ്ങൾ, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വേണ്ടിയുള്ള ഗൈഡൻസ് പരിപാടികൾ, കരിയർ എക്സിബിഷനുകൾ കരിയർ സെമിനാറുകൾ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ നൈപുണ്യ പരിശീലന പരിപാടികൾ എന്നിവയെല്ലാം VG പ്രവർത്തനത്തിന്റെ ഭാഗമായി നടന്നുവരുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർഥികളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വൊക്കേഷണൽ ഗൈഡൻസ് പദ്ധതി പ്രവർത്തനങ്ങളിൽ ഒന്നാണ് നിയുക്തി ജോബ് ഫെയർ. മുൻ വർഷങ്ങളിലും ജോബ് ഫെയറുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ വർധിച്ചു വന്നപ്പോൾ റിക്രൂട്ട്മെന്റിന് വേഗത കൈവരിക്കണമെങ്കിൽ സാമ്പ്രദായിക രീതികളിൽ നിന്നും ഒരു മാറ്റം ആവശ്യമാണെന്ന ചിന്ത ശക്തമായി. തൊഴിലുടമകളെയും ഉദ്യോഗാർഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരിക എന്ന ആശയമാണ് ഇന്നത്തെ മെഗാ റിക്രൂട്ട്മെന്റ് മേളകളായി രൂപാന്തരം പ്രാപിച്ചത്. ഉദ്യോഗദായകർക്കു അവരുടെ ഒഴിവുകൾക്കു അനുയോജ്യമായ ഉദ്യോഗാർഥികളെ നേരിട്ട് സെലക്ട് ചെയ്യുന്നതിനും ഉദ്യോഗാർഥികൾക്ക് അവരവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് ഇന്റർവ്യൂകളിൽ പങ്കെടുത്തു അർഹമായ തൊഴിൽ നേടുന്നതിനും ഇതിലൂടെ അവസരം ലഭിക്കുന്നു. പ്രസ്തുത തൊഴിൽ മേള മുഖേന നാളിതുവരെയായി 96,792 പേർക്ക് സ്വകാര്യമേഖലയിൽ നിയമനം ലഭിച്ചിട്ടുണ്ട്.<br><br>തൊഴിൽ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനു-സൃതമായി പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ടെക്നോളജി പ്ലാറ്റ്ഫോം ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള ( DUK) യുടെ സഹായത്തോടെ രൂപം നൽകിയിട്ടുണ്ട്. ഇതിനകം 3,000 തൊഴിൽദാതാക്കൾ പ്ലാറ്റ്ഫോമിന്റെ ഭാഗമാകുകയും, 12,000 ൽ പരം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. |
| (സി) | പുതിയ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുമ്പോഴും പരമ്പരാഗത തൊഴിൽ അവസരങ്ങളെ ആധുനിക കാലത്തിന് അനുയോജ്യമാം വിധം പുന:സൃഷ്ടിക്കാൻ തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കാമോ? | (സി) | പൊതുമേഖലാ സ്ഥാപനമായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ൽ കാലഹരണപ്പെട്ട തൊഴിൽ മേഖലയിൽ നിന്നുള്ള പരമ്പരാഗത തൊഴിലാളികളെ മെച്ചപ്പെട്ട ഇതര തൊഴിലുകളിൽ പുനർവിന്യസിക്കുന്നതിനായി ലേബർ വെൽഫയർ ബോർഡുമായി ചേർന്ന് പ്രതീക്ഷ |

| | | | |
|---|---|---|---|
| | | | നൈപുണ്യ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ ലാഭകരമല്ലാത്തതായി തീർന്ന പരമ്പരാഗത തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കായി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഉത്പാദനക്ഷമത കൂട്ടുന്നതിനും, ആർജ്ജിത വിജ്ഞാനഘടക (Recognition of Prior Learning) പരിശീലനം സംഘടിപ്പിച്ച് മൂല്യനിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വ്യാവസായിക പരിശീലന വകുപ്പിൽ പുതിയ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ സിലബസ് പരിഷ്കാരങ്ങൾ 2022-ൽ നടത്തിയിട്ടുണ്ട്. കൂടാതെ ആഗോളതലത്തിൽ പുതിയതായി സൃഷ്ടിക്കപ്പെടാൻ ഇടയുള്ള തൊഴിൽ സാധ്യതകളെ മുൻനിർത്തി 13 ഓളം ന്യൂജെൻ കോഴ്സുകൾ പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കരകൗശല വിദഗ്ധർക്ക് കാലാനുസൃതമായ മാറ്റങ്ങൾ കരകൗശല മേഖലയിൽ നടപ്പിലാക്കുന്നതിനു വേണ്ടി വർക്ക് ഷെഡ് നിർമ്മാണം, ഉപകരണ സാമഗ്രികൾ വാങ്ങൽ, സാങ്കേതിക സഹായം ആർജ്ജിക്കൽ എന്നിവയ്ക്കായി ആശ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കരകൗശല വിദഗ്ധർക്ക് പരിശീലനം നൽകുന്നതിനും, ഗുണനിലവാര പരിശോധന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും, യന്ത്രാധിഷ്ഠിത ജോലികൾ, ഡൈയിംഗ്, പോളിഷിംഗ്, പ്രിന്റിംഗ്, ജോലികൾ തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ നൽകുന്നതിനുമായി സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെൽപാം എന്നീ സ്ഥാപനങ്ങളിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾക്കുമായി എല്ലാ വർഷവും ഈ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി വരുന്നു. കൂടാതെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനും, ചെറുകിട ഇടത്തരം, സ്വകാര്യ. കശുവണ്ടി യൂണിറ്റുകളുടെ ഷെല്ലിംഗ്, പീലിംഗ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി മൂലധന ഗ്രാന്റ്, പലിശ താങ്ങ് സഹായം എന്ന രീതിയിലും തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ